**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5744** **08-11-2021 - ൽ മറുപടിയ്ക്ക്**

**അച്ചടക്ക നടപടി നേരിടുന്ന അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഹൈക്കോടതിയിലും പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്ന അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ ആൻഡ് ഗവൺമെന്റ് പ്ലീഡർമാരിൽ എത്ര പേർ അച്ചടക്ക നടപടി നേരിടുന്നുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | നിലവിൽ, ഹൈക്കോടതിയിൽ പ്രവർത്തിക്കുന്ന സർക്കാർ അഭിഭാഷകർ, വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവരിൽ ആരും തന്നെ അച്ചടക്ക നടപടി നേരിടുന്നില്ല. |
| (ബി) | എത്ര പേർക്കെതിരെ നാളിതുവരെയായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള വീഴ്ചകൾ കാരണമാണ് ഇവർ നടപടി നേരിടുന്നത് എന്നും വെളിപ്പെടുത്തുമോ; | (ബി) | നിലവിൽ, ഹൈക്കോടതിയിൽ പ്രവർത്തിക്കുന്ന സർക്കാർ അഭിഭാഷകർ, വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവരിൽ ആരും തന്നെ അച്ചടക്ക നടപടി നേരിടുന്നില്ല. |
| (സി) | അച്ചടക്ക നടപടി സംബന്ധിച്ച് എത്ര ഫയലുകളാണ് നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്നത്; ഇത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ? | (സി) | മുൻ സർക്കാരുകളുടെ കാലത്ത് നിയമിതരായ വിവിധ ജില്ലകളിലെ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ചുള്ള 27 ഫയലുകളിലും ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ചുള്ള 15 ഫയലുകളിലും നിലവിൽ നിയമ വകുപ്പിൽ നടപടി സ്വീകരിച്ചു വരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

**മുൻ സർക്കാരുകളുടെ കാലത്ത് നിയമിതരായ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് നിയമ വകുപ്പിൽ നിന്നും നിലവിൽ നടപടി സ്വീകരിച്ചുവരുന്ന ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ**

| ക്രമ നം. | ജില്ല | ഫയലുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 3 |
| 2. | കൊല്ലം | 4 |
| 3. | പത്തനംതിട്ട | 4 |
| 4. | കോട്ടയം | 1 |
| 5. | ആലപ്പുഴ | 2 |
| 6. | എറണാകുളം | 4 |
| 7. | ഇടുക്കി | 4 |
| 8. | തൃശ്ശൂർ | 2 |
| 9. | പാലക്കാട് | - |
| 10. | മലപ്പുറം | - |
| 11. | കോഴിക്കോട് | 1 |
| 12. | വയനാട് | 2 |
| 13. | കണ്ണൂർ | - |
| 14. | കാസറഗോഡ് | - |
| | ആകെ | 27 |

മുൻ സർക്കാരുകളുടെ കാലത്ത് നിയമിതരായ, ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് നിയമ വകുപ്പിൽ നിന്നും നിലവിൽ നടപടി സ്വീകരിച്ചുവരുന്ന ഫയലുകൾ - 15 എണ്ണം.